# റൂറൽ ജില്ലയിൽ കോവിഡ് നിയന്ത്രണങ്ങൾ കർശനമാക്കി

കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ എറണാകുളം റൂറൽ ജില്ലയിൽ നിയന്ത്രണങ്ങൾ കർശനമാക്കിയതായി റൂറൽ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്ക് പറഞ്ഞു. മാസ്ക്ക് ധരിക്കാത്തവരേയും സാമൂഹ്യ അകലം പാലിക്കാത്തവരേയും കർശന നിയമ നടപടിക്ക് വിധേയമാക്കും. വ്യാപാര സ്ഥാപനങ്ങളിൽ സാനിറ്റൈസർ ഉൾപ്പടെയുള്ള കോവിഡിനെ ചെറുക്കുന്ന വസ്തുക്കൾ നിർബന്ധമാണ്. കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്താൻ അഞ്ച് സബ്ഡിവിഷനിലും പ്രത്യേക സ്ക്വാഡുകളും, പട്രോളിംഗ് യൂണിറ്റുകളും പരിശോധനടത്തും. 24 മണിക്കൂറും ഇവർ നിരത്തുകളിലുണ്ടാകും. പൊതുപരിപാടികളിൽ ഗവൺമെൻറ് നിർദ്ദേശിച്ച ആളുകളേ പങ്കെടുക്കുന്നുള്ളുവെന്ന് പോലീസ് ഉറപ്പുവരുത്തും. ഇത് ലംഘിക്കുന്നവർക്കെതിരെ എപ്പിഡമിക് ഡിസീസസ് ഓർഡിനൻസ് പ്രകാരം നടപടി എടുക്കും. വാഹനങ്ങളിലും പരിശോധനയുണ്ടാകും. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ ശേഷം റൂറലിൽ 462 കേസുകൾ രജിസ്റ്റർ ചെയ്തു. 142 പേരെ അറസ്റ്റ് ചെയ്തു. പതിനൊന്ന് വാഹനങ്ങൾ കണ്ടുകെട്ടി. മാസ്ക്ക് ധരിക്കാത്ത 7343 പേർക്കെതിരെയും, സാമൂഹ്യ അകലം പാലിയ്ക്കാത്ത 5905 പേർക്കെതിരെയും നടപടി സ്വീകരിച്ചതായി എസ്. പി കാർത്തിക്ക് പറഞ്ഞു.